ഊർജ്ജ സംരക്ഷണത്തിനും തദ്വാരാ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ പുതിയ സാങ്കേതികവിദ്യ രൂപപ്പെടുത്തുക; (5) മറ്റൊരു അസംസ്കൃത പദാർത്ഥം കണ്ടുപിടിക്കുക. ഇതിനുപുറമേ ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾകൂടി പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കും. സംസ്ക്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക; ഓട് വ്യവസായ സ്ഥാപനങ്ങളിൽ ഗുണമേന്മ പരിശോധനയ്ക്കായി ലബോറട്ടറികൾ സ്ഥാപിക്കുക; പുതിയ കളിമണ്ണ് സംസ്ക്കരണ സാങ്കേതിവിദ്യ രൂപപ്പെടുത്തിയെടുക്കുക; ഈ മേഖലയിൽ നടപ്പാക്കാൻ പോകുന്ന ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും സംബന്ധിച്ച് വ്യവസായികൾക്ക് ബോധവൽക്കരണ പരിശീലനം സംഘടിപ്പിക്കാനുള്ള കേന്ദ്രം സ്ഥാപിക്കുക; ഓട് വ്യവസായത്തിന് പ്രത്യേക വിപണനതന്ത്രം ആവിഷ്ക്കരിക്കുക. ഇതുവഴി ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ഈ ഓട് വ്യവസായികളുമായിത്തന്നെ ഞാൻ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എല്ലാ പരിശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

(5) എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ 16.12.1999-ലെ സെക്രട്ടേറിയേറ്റ് സമരം

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ എക്സൈസ് ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് സെക്രട്ടേറിയറ്റുപടിക്കൽ സമരം നടത്തുകയാണ്. സമരത്തിനാധാരമായി അവർ പറയുന്ന പ്രധാനപ്പെട്ട ഒരു വിഷയം എക്സൈസ് ജീവനക്കാരുടെ സീനിയോറിറ്റിക്കും പ്രമോഷനും തടസ്സം നിൽക്കുന്ന കാൽ നൂറ്റാണ്ടു പഴക്കമുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുക, എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തലാക്കുക തുടങ്ങിയവയാണ്. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനംകൊണ്ട് ഇന്ന് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ കിട്ടിയവർക്കുപോലും നിയമനം കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. അതുപോലെതന്നെ 8 മണിക്കൂർ ജോലി അവർക്ക് ക്ലിപ്തപ്പെടുത്താൻവേണ്ടി അവർ ആവശ്യപ്പെട്ടിട്ടുണ്ട്. പോലീസിനെപ്പോലെതന്നെ സൈനിക അർദ്ധ സൈനിക വിഭാഗത്തിൽപെട്ടിട്ടുള്ള ഇവർക്ക് 8 മണിക്കൂർ ജോലി നിജപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി കൂടി ആലോചിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ തസ്തിക എക്സൈസ് ഗാർഡിന്റെ പ്രമോഷൻ തസ്തികയാക്കണമെന്നും എക്സൈസ് ഇൻസ്പെക്ടർ തസ്തിക കേഡർ സ്ട്രെങ്തിന്റെ 25% മാത്രം നേരിട്ടു നിയമിക്കുന്ന തരത്തിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്നുമാണ് കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ആവശ്യം. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം എക്സൈസ് വകുപ്പിലുണ്ടാകുന്ന പ്രിവന്റീവ് ഓഫീസർമാരുടെ ഓരോ നാലാമത്തെ ഒഴിവിലേയ്ക്കും നേരിട്ട് നിയമനം നടത്തണമെന്നാണ് വ്യവസ്ഥ. അതനുസരിച്ച് 1982 മാർച്ചുമുതൽ 1997 ഡിസംബർ 31 വരെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായ ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും കമ്മീഷൻ ശുപാർശ ചെയ്ത 252 പേരെ പ്രിവന്റീവ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തു. കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിലുൾപ്പെട്ട രണ്ടുപേർ കേരള ഹൈക്കോടതിയിൽ ഹരജി ചെയ്ത ഒ.പി.യുടെ 17.8.1999-ലെ വിധിയിൽ പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള എല്ലാ ഒഴിവുകളും രണ്ടാഴ്ചയ്ക്കുള്ളിൽ പി.എസ്.സിക്ക് റിപ്പോർട്ടുചെയ്യണമെന്ന് ഉത്തരവായി. അതിനെ തുടർന്ന് 1.1.1998 മുതൽ 31.8.1999 വരെ നേരിട്ടു നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 52 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തു. പി.എസ്.സി. 52 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കോടതിവിധിക്കെതിരെ അപ്പീൽ നൽകുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ഗവൺമെന്റ് തേടിയിരിക്കുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലത്ത് ഭരണപരമായ പ്രതിസന്ധി ഒഴിവാക്കുന്നതിനായി നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് എക്സൈസ് ഗാർഡുമാർക്ക് താൽക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്. നേരിട്ടുള്ള നിയമന കാലയളവിലേയ്ക്ക് പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന മുറയ്ക്ക് താൽക്കാലിക പ്രൊമോഷൻ ലഭിച്ചവരെ തരംതാഴ്ത്തേണ്ടിവരും. 1982-നു ശേഷം നേരിട്ടുള്ള നിയമനത്തിനായി പ്രിവന്റീവ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. തയ്യാറാക്കി പ്രസിദ്ധീകരിച്ചത് 1997-ലാണ്. ഇതിന് 31.12.2000 വരെ കാലാവധിയുണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ റേഷ്യോ, ശതമാനം ഇവയൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ഒരു കേസും ഹൈക്കോടതിയിൽ നിലവിലുണ്ട്. 52 പേരെ പുതുതായി നിയമിക്കുന്നതുതന്നെ കോടതിയിൽ നിലവിലുള്ള കേസിന്റെ തീരുമാനത്തിന് വിധേയമാണ്. അസോസിയേഷന്റെ ഈ സമരത്തിനാധാരമായി ഉന്നയിച്ചിരിക്കുന്ന മറ്റു പ്രശ്നങ്ങൾക്ക് പ്രതിവിധി സ്പെഷ്യൽ റൂൾസ് ഭേദഗതിയാണ്. സമയബന്ധിതമായി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

(6) പാലക്കാട് ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിന് അഫിലിയേഷൻ

ശ്രീ. ടി.കെ. നൗഷാദ് : സർ, പാലക്കാട് ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിനെ കോഴിക്കോട് സർവ്വകലാശാലയ്ക്കുകീഴിൽ അഫിലിയേറ്റു ചെയ്യണമെന്നത് കേരളത്തിലെ മുഴുവൻ സംഗീതപ്രേമികളുടെയും ആവശ്യമാണ്. കേരളത്തിൽ ആകെയുള്ള മൂന്ന് സംഗീത കോളേജുകളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിനെ എം.ജി. യൂണിവേഴ്സിറ്റിയിലും സ്വാതിതിരുനാൾ സംഗീത കോളേജിനെ കേരള യൂണിവേഴ്സിറ്റിയിലും അഫിലിയേറ്റു ചെയ്യുന്നതിനുള്ള നടപടി എടുക്കുന്നതിന് ഈ സർക്കാർ വന്നതിനു ശേഷം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെയാണ് അനുവാദം നൽകിയിട്ടുള്ളത്. അതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ പാലക്കാട് ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിന് അഫിലിയേഷൻ നൽകാത്തതുമൂലം അവിടെയുള്ള വിദ്യാർത്ഥികൾ വളരെയധികം ബുദ്ധിമുട്ടിലാണ്. നിലവിലുള്ള ഗാനഭൂഷണം, ഗാനപ്രവീണ ഡിപ്ലോമ കോഴ്സുകൾക്ക് ഉപരി പഠന സാധ്യതയോ ജോലിസാധ്യതയോ ഇല്ല. അതുകൊണ്ട് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കണം. മാത്രമല്ല, മഹത്തായ സംഗീത പാരമ്പര്യമുള്ള ഒരു പ്രദേശമാണ് പാലക്കാട്. കർണ്ണാടക സംഗീതത്തിന്റെ ആത്മാവു തൊട്ടറിഞ്ഞ ചെമ്പൈ വൈദ്യനാഥ ഭാഗവതർ പത്മഭൂ

LIBRARY ARCHIVES Kerala Legislative Assembly